# കേരള സർവകലാശാല

നം. പി.ആർ.083/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.പി.ടി പരീക്ഷ

ഏപ്രിൽ 30-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.പി.ടി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 16, 50 രൂപ പിഴയോടെ ഏപ്രിൽ 18, 125 രൂപ പിഴയോടെ ഏപ്രിൽ 20 വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.കോം പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 25, 26 തീയതികളിൽ അതത് കോളേജുകളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷ

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138) 2ബി, 2015-അഡ്മിഷൻ റഗുലർ, 2014-അഡ്മിഷൻ സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ്, 2013-അഡ്മിഷൻ സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും മേയ് ഏഴിന് മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

## ബി.എ സൂക്ഷ്മപരിശോധന

2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഇ.ജെ V സെക്ഷനിൽ (റീവാല്യൂഷൻ) ഏപ്രിൽ 16 മുതൽ 30 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകണം.

## പരീക്ഷ മാറ്റി

ഏപ്രിൽ 16-ൽ നടത്തേണ്ടിയിരുന്ന ബി.എ ബിരുദ (ആന്വൽ) അവസാന വർഷ സോഷ്യോളജി മെയിൻ പേപ്പർ IV- 'ഇന്ത്യൻ സൊസൈറ്റി – പ്രോബ്ലംസ് ആന്റ് ചലഞ്ചസ്' എന്ന പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

## തീയതി നീട്ടി

കേരള സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ (സി.എസ്.എസ്) കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി ഏപ്രിൽ 25 വരെ നീട്ടി.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ കരാറടിസ്ഥാനത്തിൽ ലക്ച്ചറർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഏപ്രിൽ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notification** എന്ന ലിങ്കിൽ ലഭിക്കും.

## ബി.ടെക് ഫലം

2017 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) (സപ്ലിമെന്ററി, ട്രാൻസിറ്ററി, മേഴ്സിചാൻസ്) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ ഏഴ്. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.. എസ്.എസ് ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (320) പരീക്ഷ (2015 അഡ്മിഷൻ റഗുലർ, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
13.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in